**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4209** **18-03-2025 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ്, ഓട്ടോണമസ് സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വിവരങ്ങൾ ശേഖരിച്ച് വരുന്നു. |
| (ബി) | 56, 58, 60, 62 എന്നിങ്ങനെ നാല് വ്യത്യസ്ത വിരമിക്കൽ പ്രായം ജീവനക്കാരുടെ ഇടയിൽ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ വ്യത്യസ്തമായ വിരമിക്കൽ പ്രായം സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | വിവരങ്ങൾ ശേഖരിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്തെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാന സർക്കാർ ജീവനക്കാരുടേയോ സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടേയോ വിരമിക്കൽ പ്രായം ഏകീകരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ഇ) | വിരമിക്കൽ പ്രായം ഏകീകരിക്കണം എന്ന് ആവശ്യപ്പെട്ട് ജീവനക്കാർ ബഹു. സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരുടേതിന് തുല്യമാക്കണം എന്നാവശ്യപ്പെട്ട് ബഹു.സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട SLP (c)No. 11721/2020 നമ്പർ കേസ് ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് മറ്റ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ